കേരള സർക്കാർ

പൊതുമരാമത്തും രജിസ്ട്രേഷനും
വകുപ്പുമന്ത്രിയുടെ ഓഫീസ്
ഗവൺമെന്റ് സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
ഫോൺ-ഓഫീസ് : 0471-2333487
ഫാക്സ് : 0471-2333460

***<u>പ്രസിദ്ധീകരണത്തിന്</u>***

തീയതി 06.02.2021

# കെട്ടിടം പ്രവൃത്തികൾക്ക് സംയോജിത ടെണ്ടർ - മന്ത്രി ജി.സുധാകരൻ

പൊതുമരാമത്ത് വകുപ്പിൽ കെട്ടിടം പണികളുടെ സിവിൽ പ്രവൃത്തികളും ഇലക്ട്രിക്കൽ പ്രവൃത്തികളും ഒന്നിച്ചു ചേർത്ത് സംയോജിതമായി ടെണ്ടർ ചെയ്യണമെന്ന ഉത്തരവ് ഹൈക്കോടതിയും ശരിവെച്ചതായി മന്ത്രി ജി.സുധാകരൻ അറിയിച്ചു.

കെട്ടിടങ്ങളുടെ സിവിൽ പണികളും ഇലക്ട്രിക്കൽ പണികളും പ്രത്യേകം പ്രത്യേകമായി ടെണ്ടർ ചെയ്തു നടപ്പാക്കിയിരുന്നതിലൂടെ ഭൂരിഭാഗം പ്രവൃത്തികളിലും കാലതാമസവും അനാവശ്യ നഷ്ടങ്ങളും ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് സംയോജിത ടെണ്ടർ നടപ്പിലാക്കാൻ സർക്കാർ തീരുമാനിച്ചത്. എന്നാൽ ചില ഇലക്ട്രിക്കൽ വിഭാഗം കരാറുകാർ ഇതിനെതിരെ കോടതിയിൽ കേസ് നൽകുകയായിരുന്നു. ഹൈക്കോടതി വസ്തുതകൾ പരിശോധിച്ചു സർക്കാർ തീരുമാനം ശരിവെച്ചു കൊണ്ടു വിധി പ്രസ്താവിക്കുകയായിരുന്നുവെന്നു മന്ത്രി പറഞ്ഞു.

ഇലക്ട്രിക്കൽ വിഭാഗം കരാറുകാരുടെ സാധ്യകൾ നിലനിർത്തിക്കൊണ്ടു തന്നെയാണ് സംയോജിത ടെണ്ടർ നടപ്പാക്കുന്നതെന്നും, തൊഴിൽ സാധ്യതകൾ ഇല്ലാതാകുകയില്ലെന്നും, കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ കാലതാമസമില്ലാതെ നിർവ്വഹണം നടത്തുന്നതിനാണ് സർക്കാർ ഈ തീരുമാനം കൈകൊണ്ടതെന്നും മന്ത്രി ജി.സുധാകരൻ അറിയിച്ചു.